പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1530 — 13-06-2014 ൽ മറുപടിക്ക്

**നരിക്കുഴി ചിറക്കാമറ്റം തോട് കെട്ടി സംരക്ഷിക്കൽ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജോസ് തെറ്റയിൽ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെൽകൃഷി വികസന പദ്ധതിയിൽപ്പെടുത്തി നബാർഡിന്റെ സാഹായത്തോടുകൂടി മഞ്ഞപ്ര ഗ്രാമ പഞ്ചായത്തിലെ നരിക്കുഴി ചിറക്കാമറ്റം തോടിന്റെ ഇരുവശവും കെട്ടി സംരക്ഷിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ച 7.65 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) യും (ബി) യും | പ്രസ്തുത തോടിന്റെ മൂന്നാം റീച്ചിലെ അവസാനഭാഗമായ കഴിയംപാടം പ്രദേശത്ത് സമീപവാസികളായ ഭൂവുടമകളുടെ തർക്കം നിമിത്തം പണികൾ തടസ്സപ്പെടുകയും പിന്നീട് പഞ്ചായത്തുമായി ബന്ധപ്പെട്ട് തർക്കം പരിഹരിക്കുകയും, 2014 ഏപ്രിൽ മാസത്തോടെ എല്ലാ ജോലികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ